LIBRARY ARCHIVES Kerala Legislative Assembly

ചേർത്തല-കടിവെള്ള വിതരണ പൈപ്പുകൾ

223 (888) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്കിൽ കുടിവെള്ള വിതരണത്തിനായി ഉപയോഗിച്ചിരിക്കുന്ന പൈപ്പുകൾ കാലാവസ്ഥ, മണ്ണിന്റെ ഘടന തുടങ്ങിയ ഘടകങ്ങളുമായി യോജിക്കാത്തവയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പൈപ്പുകൾ അടിക്കടി പൊട്ടുന്നത് എന്തു കാരണത്താലാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) 500 കോടിയിലധികം രൂപ മുടക്കി പദ്ധതി നടപ്പിലാക്കിയിട്ടും നിരന്തരം പൈപ്പ് ലൈനുകൾ പൊട്ടുന്ന സാഹചര്യം കണക്കിലെടുത്ത് പദ്ധതി നടത്തിപ്പിൽ അഴിമതി നടന്നിട്ടുണ്ടോ എന്നന്വേഷിക്കുവാൻ വിജിലൻസ് അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്താണ് വിവിധതരം പൈപ്പുകൾ പ്രോജക്ട് ഡിസൈൻ പ്രകാരം ശിപാർശ ചെയ്തിട്ടുള്ളത്.

(ബി) പൈപ്പ് പൊട്ടിയതിനുശേഷം വീണ്ടും ടെസ്റ്റ് ചെയ്തപ്പോൾ ചില പൈപ്പുകളുടെ സ്റ്റിഫ്നസ് ക്രൈറ്റീരിയ ടെണ്ടറിൽ ആവശ്യപ്പെട്ടതിനെക്കാൾ കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) അന്വേഷണം നടത്തി റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതിനാൽ കൂടുതൽ അന്വേഷണം ഇപ്പോൾ ആവശ്യമാണെന്ന് കരുതുന്നില്ല.

കടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ നടപടി

224 (889) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടിവെള്ള ലഭ്യത ഉറപ്പുവരുത്താനും ഗുണനിലവാരം മെച്ചപ്പെടുത്തുവാനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;